# ലേബർ കമ്മീഷണറുടെ നടപടിക്രമം

**(സാന്നിദ്ധ്യം : പ്രണബ് ജ്യോതിനാഥ്, ഐ.എ.എസ്)**

| | | |
|---|---|---|
| വിഷയം :- | | തൊഴിൽ വകുപ്പ്-ജീവനക്കാര്യം- സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട കൊല്ലം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ശ്രീ.ശ്രീകുമാർ.ആർ-നെ സർവ്വീസിൽ പുനപ്രവേശിപ്പിച്ച് ഉത്തരവാകുന്നു |
| വായന :- | 1. | ഈ കാര്യാലയത്തിലെ 08/04/2020 തീയതിയിലെ ഇ. എൻ(5)-4113/2020 നമ്പർ ഉത്തരവ് |
| | 2. | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ശ്രീ.ശ്രീകുമാർ.ആർ 09/04/2020 തീയതിയിൽ സമർപ്പിച്ച സസ്പെൻഷൻ പുനപരിശോധനാ ഹർജി |
| | 3. | കൊല്ലം ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്)-ന്റെ 09/04/2020 തീയതിയിലെ ജി(1)-1782/20 നമ്പർ കത്ത്. |
| | 4. | കേരളാ സിവിൽ സർവ്വീസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ-1960 പാർട്ട്- IV ചട്ടം-10(6) |

## ഉത്തരവ് നമ്പർ. ഇ(4) 8363/2019(2) തീയതി:07/05/2020

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അതിഥി തൊഴിലാളി ക്യാമ്പുകളുടെ വിവരശേഖരണത്തിലും അനുബന്ധ കൃത്യനിർവ്വഹണത്തിലും കൊല്ലം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർഓഫീസർ ഗ്രേഡ്-II ശ്രീ.ശ്രീകുമാർ.ആർ വീഴ്ച വരുത്തിയെന്നും ആയത് സംബന്ധിച്ച് നിർദ്ദേശം നൽകിയ നിയന്ത്രണാധികാരിയോട് ടിയാൻ അപമര്യാദയായി പെരുമാറിയെന്നും കൊല്ലം ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊല്ലം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർഓഫീസർ ഗ്രേഡ്-II ശ്രീ.ശ്രീകുമാർആർ-നെ വായന(1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു.

2. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അതിഥി തൊഴിലാളി ക്യാമ്പുകളുടെ വിവരശേഖരണത്തിലും അനുബന്ധ കൃത്യനിർവ്വഹണത്തിലും വീഴ്ച വരുത്തിയിട്ടില്ലെന്നും, ആയത് സംബന്ധിച്ച് നിർദ്ദേശം നൽകിയ നിയന്ത്രണാധികാരിയോട് താൻ അപമര്യാദയായി പെരുമാറിയിട്ടില്ലെന്നും, കോവിഡ്-19 രോഗബാധയുണ്ടെന്ന് സംശയിക്കുന്നതിനാൽ കൊല്ലം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർഓഫീസിലെ ക്ലാർക്ക് ക്വാറന്റൈനിലായതിനായിരുന്നു എന്നും ജില്ലാ ലേബർ ഓഫീസറോട് താൻ അപമര്യാദയായി പെരുമാറിയിട്ടില്ല എന്നും ബോധപൂർവ്വമല്ലാതെ തന്റെ ഭാഗത്ത് നിന്നും വന്ന എന്തെങ്കിലും പെരുമാറ്റം മേലധികാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് ക്ഷമിക്കണമെന്നും ആയതിനാൽ തന്റെ സസ്പെൻഷൻ പുനപരിശോധിച്ച് തന്നെ സർവ്വീസിൽ പുന പ്രവേശിപ്പിക്കണമെന്നും കാണിച്ചുള്ള വായന(2) പ്രകാരമുള്ള ശ്രീ.ശ്രീകുമാർ.ആർ-ന്റെ അപേക്ഷ വായന(3) പ്രകാരം കൊല്ലം ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്) ശുപാർശ ചെയ്തിട്ടുണ്ട്.

3.സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട കൊല്ലം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ശ്രീ.ശ്രീകുമാറിന്റെ കേസ് വായന(3) പ്രകാരമുള്ള കൊല്ലം ജില്ലാ ലേബർ ഓഫീസറുടെ(എൻഫോഴ്സ്മെന്റ്) ശുപാർശ സഹിതം വിശദമായി പരിശോധിച്ചു. ജില്ലാ ലേബർ ഓഫീസറുടെ ശുപാർശ പരിഗണിക്കുമ്പോൾ ഈ സസ്പെൻഷൻ തുടരേണ്ടതില്ലെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, ടിയാനെതിരായ അച്ചടക്ക നടപടികൾ തുടരുമെന്ന വ്യവസ്ഥയിൽ വായന(1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട കൊല്ലം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർഓഫീസർ ഗ്രേഡ്-II ശ്രീ.ശ്രീകുമാർആർ-നെ കേരളാ സിവിൽ

സർവ്വീസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ-1960 പാർട്ട്- IV ചട്ടം-10(6) പ്രകാരം സർവ്വീസിൽ പുനപ്രവേശിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പേര്,തസ്തിക | നിയമനം നൽകുന്ന ഓഫീസ് | അഭിപ്രായ കുറിപ്പ് |
|---|---|---|---|
| 1. | ശ്രീ.ശ്രീകുമാർ.ആർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II,കൊല്ലം രണ്ടാം സർക്കിൾ | അസിസ്റ്റന്റ് ലേബർ ഓഫീസ്, കൊല്ലം ഒന്നാം സർക്കിൾ | നിലവിലെ ഒഴിവിലേക്ക് നിയമനം നൽകുന്നു. |

നിയന്ത്രണാധികാരികൾ ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കേണ്ടതും ചുമതലാകൈമാറ്റം നടത്തി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

ശ്രീ.ശ്രീകുമാർ.ആർ,
അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II,
കൊല്ലം രണ്ടാം സർക്കിൾ
} വെബ്സൈറ്റ്/ഇ-മെയിൽ മുഖാന്തിരം

<u>പകർപ്പ്</u> :-

1. ലേബർ കമ്മീഷണറുടെ പി.എ
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. അഡീഷണൽ ലേബർ കമ്മീഷണർ,(ഐ.ആർ)/(ഇ)/ഡബ്ലിയു
4. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ.കൊല്ലം
5. ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്),തിരുവനന്തപുരം,കൊല്ലം
6. അസിസ്റ്റന്റ് ലേബർ ഓഫീസർ, കൊല്ലം ഒന്നാം സർക്കിൾ
7. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
8. സീനിയർ സൂപ്രണ്ട് (ഇ).
9. ഇ (4) സീറ്റ്/ ഐ.ടി സെൽ/ഫയൽ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട് (ഇ)

ലേബർ കമ്മീഷണറുടെ കാര്യാലയം. കേരള, തിരുവനന്തപുരം

Rsh